പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 712

28.02.2017 - ൽ മറുപടിക്ക്

## സഹകരണ സ്ഥാപനങ്ങളിലും ക്രെഡിറ്റ് സൊസൈറ്റികളിലും സ്പെഷ്യൽ റൂൾസ്

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര സഹകരണ സ്ഥാപനങ്ങളും ക്രെഡിറ്റ് സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട് ; | (എ) | സംസ്ഥാനത്ത് സഹകരണരജിസ്ട്രാറിന് കീഴിൽ 11908 സഹകരണ സ്ഥാപനങ്ങളും 3631 ക്രെഡിറ്റ് സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇവയിൽ എത്ര സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ട് ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) | സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള 19 സ്ഥാപനങ്ങളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിനുള്ള റിക്രൂട്ട്മെന്റ് റൂൾസ് (സ്പെഷ്യൽ റൂൾസ്) നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷൻ (കൺസ്യൂമർഫെഡ്), കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (എസ്.സി/എസ്.റ്റി ഫെഡറേഷൻ) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ (ഹൗസ് ഫെഡ്), കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർ മാർക്ക്) എന്നീ സ്ഥാപനങ്ങളുടെ റിക്രൂട്ട്മെന്റ് റൂൾസ് ആണ് പി.എസ്.സി അംഗീകരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. അപ്പക്സ് സഹകരണ |

| | | | |
|---|---|---|---|
| | | | സംഘങ്ങളും ജില്ലാ സഹകരണ ബാങ്കുകളും ഒഴികെയുള്ള സഹകരണ സ്ഥാപനങ്ങളിൽ സഹകരണ പരീക്ഷാബോർഡ് റിക്രൂട്ട്മെന്റാണ് നിലവിലുള്ളത്. |
| (സി) | സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത സ്ഥാപനങ്ങളിൽ സമയബന്ധിതമായി ആയത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | നിയമനം പി.എസ്.സി-ക്ക് വിട്ടു കൊടുത്തിട്ടുള്ള,സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള മറ്റ് സഹകരണ സ്ഥാപനങ്ങളിൽ റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ